ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ്-695 033

ഇ-മെയിൽ: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നം. 18503/ലിബ് 1/2022/നി.സെ.

തിരുവനന്തപുരം,
30.11.2022.

## ഷോർട്ട് ക്വട്ടേഷൻ നോട്ടീസ്

കേരള നിയമസഭയുടെ ആഭിമുഖ്യത്തിൽ 2023 ജനുവരി 9 മുതൽ 15 വരെ നടത്തുന്ന "കേരള ലെജിസ്ലേച്ചർ ഇന്റർനാഷണൽ ബുക്ക് ഫെസ്റ്റിവൽ 2023" - ന്റെ പരസ്യ പ്രചരണത്തിനായി 2022 ഡിസംബർ 9-ാം തീയതി മുതൽ ആരംഭിക്കാനിരിക്കുന്ന അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ പ്രധാന വേദിയായ ടാഗോർ തിയേറ്ററിൽ ഇളക്കി മാറ്റി സ്ഥാപിക്കാവുന്നതും, ആകർഷകമായ ഒരു സെൽഫി പോയിന്റ് ഡിസൈൻ ചെയ്ത് സ്ഥാപിക്കുന്നതിന് താല്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു.

മുദ്ര വച്ച ക്വട്ടേഷനുകൾ മാതൃക ഉൾപ്പെടെ 03.12.2022 ഉച്ചയ്ക്ക് ശേഷം 03.00 മണിക്ക് മുമ്പായി അണ്ടർ സെക്രട്ടറി കെ-ലാംപ്സ് (അക്കൗണ്ട്സ്), നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേദിവസം ഉച്ചയ്ക്കുശേഷം 03.30 മണിക്ക്, ക്വട്ടേഷനിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ പ്രതിനിധികളുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്ന ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ആയത് തുറന്ന് പരിശോധിക്കുന്നതാണ്. ക്വട്ടേഷനുകൾ ഉള്ളടക്കം ചെയ്ത കവറിന് പുറത്ത് "KLIBF 2023- പരസ്യ പ്രചരണം -ഒരു താത്കാലിക സെൽഫി പോയിന്റ് സ്ഥാപിക്കുന്നതിനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. മേൽ പറഞ്ഞ സാമഗ്രി ലഭ്യമാക്കുന്നതിനാവശ്യമായ പരമാവധി സമയം ക്വട്ടേഷനിൽ സൂചിപ്പിക്കേണ്ടതാണ്. ക്വാട്ട് ചെയ്യുന്ന റേറ്റ് എല്ലാ ചെലവുകളും നികുതികളും ഉൾപ്പെടെ ആയിരിക്കണം. ക്വട്ടേഷനിൽ പങ്കെടുത്ത സ്ഥാപനങ്ങൾ മാതൃകകൾ സമർപ്പിക്കേണ്ടതും ആയതു

പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷം മാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ. മേൽ സൂചിപ്പിച്ച ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് കെ-ലാംപ്സ് (അക്കൗണ്ട്സ്) വിഭാഗവുമായി (0471-2512651/2650) ബന്ധപ്പെടേണ്ടതാണ്. ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനോ യാതൊരു കാരണവും വ്യക്തമാക്കാതെ നിരസിക്കുന്നതിനോ കേരള നിയമസഭാ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

രജി ഡി.ഒ.,
ഡെപ്യൂട്ടി സെക്രട്ടറി & ജോയിന്റ് ഡയറക്ടർ,
കെ-ലാംപ്സ് (മീഡിയ),
സെക്രട്ടറിക്കുവേണ്ടി.

AC/KLAMPS/Notice (Quottation)./18503/30.11.2022